# വ്യവസായ വാണിജ്യ ഡയറക്ടറേറ്റിലെ
# സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസറുടെ നടപടിക്രമം

**(അവതരണം : RAJEEVE C R)**

നം. **DIC/348/2025-EA4** തീയതി : **15-07-2025**

വിഷയം:-വ്യവസായം- ജീവനക്കാര്യം – ഓഫീസ് അറ്റൻഡൻറ് ന് സ്ഥലം മാറ്റം നൽകുന്നത് - സംബന്ധിച്ച്.

പരാമർശം:-
1. **05/06/2025** തീയതിയിലെ കാസറഗോഡ് ജില്ലാ വ്യവസായ കേന്ദ്രം ജനറൽ മാനേജരുടെ **DICKSD/863/2024-B2-II** നമ്പർ കത്ത്.
2. **02/06/2025** തീയതിയിലെ ശ്രീ.വിനോദ് കുമാർ ജെ, ഓഫീസ് അറ്റൻഡന്റ് ന്റെ സമർപ്പണം.

കാസറഗോഡ് ജില്ലാ വ്യവസായ കേന്ദ്രത്തിലെ ഓഫീസ് അറ്റൻഡന്റ് ആയിരുന്ന ശ്രീ.കുഞ്ഞിരാമൻ കെ സർവീസിൽ നിന്നും വിരമിച്ചതായി പരാമർശം(1) പ്രകാരം ജനറൽ മാനേജർ അറിയിച്ചിരിക്കുന്നു. ആയതിനാൽ കാസറഗോഡ് ജില്ലാ വ്യവസായ കേന്ദ്രത്തിൽ ഓഫീസ് അറ്റൻഡന്റ് തസ്തികയിൽ ഒരു ഒഴിവുണ്ട്. വ്യവസായ വാണിജ്യ ഡയറക്ടറേറ്റിലെ ഓഫീസ് അറ്റൻഡന്റ് ആയ ശ്രീ. വിനോദ് കുമാർ ജെ ടിയാന്റെ ഡി ആർ ബി ആയ കാസറഗോഡ് ജില്ലയിലെ ഹോസ്ദുർഗ് താലൂക്ക് വ്യവസായ ഓഫീസിലേക്ക് സ്ഥലംമാറ്റത്തിനായി പരാമർശം (3) പ്രകാരം അപേക്ഷ സമർപ്പിച്ചിരിക്കുന്നു. ശ്രീ.വിനോദ് കുമാർ ജെ യുടെ വീട് കാസറഗോഡ് ജില്ലയിലെ അതിർത്തി പ്രദേശമായ റാണിപുരം ആണ്. ടിയാന് കാസറഗോഡ് ജില്ലാ വ്യവസായ കേന്ദ്രത്തിലേക്ക് 70 കിലോമീറ്ററോളം ദൂരമുണ്ട് എന്നും ട്രെയിൻ സൗകര്യം ലഭ്യമല്ലാത്തതിനാൽ 3 ബസുകൾ മാറിക്കയറി വേണം ആ ഓഫീസിൽ എത്താൻ എന്നും മേൽ സാഹചര്യം പരിഗണിച്ച് ടിയാന്റെ വീട്ടിൽ നിന്നും താരതമ്യേന അടുത്തുള്ള ഹോസ്ദുർഗ് താലൂക്ക് വ്യവസായ ഓഫീസിലേക്ക് സ്ഥലംമാറ്റം അനുവദിക്കണമെന്നും ടിയാൻ അപേക്ഷിച്ചിരിക്കുന്നു. അനുകമ്പാർഹമായ സാഹചര്യം കണക്കിലെടുത്ത് ടിയാന്റെ അപേക്ഷ പരിഗണിക്കാവുന്നതാണ് ആയതിനാൽ താഴെ പറയും പ്രകാരം ഉത്തരവാകുന്നു.

## ഉത്തരവ്

മേൽ സാഹചര്യത്തിൽ ഓഫീസ് അറ്റൻഡൻറ് തസ്തികയിലെ ഉദ്യോഗസ്ഥർക്ക് ചുവടെ പറയും പ്രകാരം സ്ഥലം മാറ്റം നൽകി ഇതിനാൽ ഉത്തരവാകുന്നു.

| ക്രമ നം. | പേര്, നിലവിൽ ജോലി ചെയ്യുന്ന ഓഫീസ് | സ്ഥലംമാറ്റപ്പെടുന്ന ഓഫീസ് |
|---|---|---|
| 1. | ശ്രീമതി.ചന്ദ്രലേഖ വി, ഓഫീസ് അറ്റൻഡന്റ് (താലൂക്ക് വ്യവസായ ഓഫീസ്, ഹോസ്ദുർഗ്) | ജില്ലാ വ്യവസായ കേന്ദ്രം, കാസറഗോഡ് (ശ്രീ.കുഞ്ഞിരാമൻ കെ വിരമിച്ച ഒഴിവ്) |
| 2. | ശ്രീ.വിനോദ് കുമാർ ജെ, ഓഫീസ് അറ്റൻഡന്റ് (വ്യവസായ വാണിജ്യ ഡയറക്ടറേറ്റ്) | താലൂക്ക് വ്യവസായ ഓഫീസ്, ഹോസ്ദുർഗ് (ശ്രീമതി.ചന്ദ്രലേഖ വി സ്ഥലംമാറ്റപ്പെടുന്ന ഒഴിവ്) |

ടിയാളുകൾ ജോലിയിൽ പ്രവേശിച്ച വിവരം ഈ ഓഫീസിൽ അറിയിക്കേണ്ടതാണ്.

Signed by Rajeeve. C. R
Date: 15-07-2025 15:54:08

**RAJEEVE C R**

**SENIOR ADMINISTRATIVE OFFICER**

സ്വീകർത്താവ് :- 1. ശ്രീ. വിനോദ് കുമാർ ജെ, ഓഫീസ് അറ്റൻഡൻറ്.
2. ശ്രീമതി.ചന്ദ്രലേഖ വി, ഓഫീസ് അറ്റൻഡന്റ്

പകർപ്പ് :
1. ജനറൽ മാനേജർ, ജില്ലാ വ്യവസായ കേന്ദ്രം,കാസറഗോഡ്.
2. ഉപജില്ലാ വ്യവസായ ഓഫീസർ, താലൂക്ക് വ്യവസായ ഓഫീസ്,ഹോസ്ദുർഗ്.
3. ഇസി/ഇഇ/അക്കൗണ്ട്സ്/സ്പാർക്സ്/ഐടി സെക്ഷനുകൾ
4. സൂക്ഷിപ്പ് ഫയൽ / അധിക പകർപ്പ്.